ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : dir.dme@kerala.gov.in,
dmekerala@gmail.com

ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ് ) : 0471-2528575
ഡയറക്ടർ: 0471-2444011
മെഡിക്കൽകോളേജ്. പി.ഒ,
തിരുവനന്തപുരം–695011

കേരള സർക്കാർ

**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

**നമ്പർ.എഫ് 3/ 2477 / 2025/ മെ.വി.വ.** **തീയതി: 07-04-2025**

## സർക്കുലർ

വിഷയം: മെ.വി.വ - ജീവനക്കാര്യം - ഇൻസ്റ്റിട്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആൻഡ് ന്യൂറോ സയൻസസ് (ഇംഹാൻസ്) - ഡയറക്ടർ തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്നതിന് താൽപര്യമുള്ള സൈക്യാട്രിസ്റ്റമാരിൽ നിന്നും അപേക്ഷ ലഭ്യമാക്കുന്നത് - സംബന്ധിച്ച്.

സൂചന: സ.ഉ. (സാധാ) നം. 725/ 2025/ H&FWD തീയതി: 12/03/2025.

********************

മേൽ സൂചന ഉത്തരവ് പ്രകാരം ഇൻസ്റ്റിട്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആൻഡ് ന്യൂറോ സയൻസസ് (ഇംഹാൻസിൽ) ഒരു മുഴുവൻ സമയ ഡയറക്ടറെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ തിരഞ്ഞെടുക്കുന്നതിനായി സ്ക്രീനിംഗ് കമ്മിറ്റി രൂപികരിച്ച് സർക്കാർ ഉത്തരവായിരുന്നു. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടർ എന്നിവരുടെ കീഴിൽ ജോലി ചെയ്തു വരുന്ന സൈക്യാട്രിസ്റ്റമാരിൽ നിന്നും ഇംഹാൻസ് ഡയറക്ടർ തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നൽകുന്നതിനു വെബ്സൈറ്റ് മുഖേന അപേക്ഷ ക്ഷണിച്ച് ലഭ്യമായ അപേക്ഷകൾ സ്ക്രീനിംഗ് കമ്മിറ്റി മുൻപാകെ സമർപ്പിക്കുന്നതിനു ആവശ്യമായ നടപടികൾ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടർ എന്നിവർ സ്വീകരിക്കണമെന്നാണ് പ്രസ്തുത സർക്കാർ ഉത്തരവിൽ പരാമർശിച്ചിരിക്കുന്നത്.

മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇംഹാൻസ് ഡയറക്ടറായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്നതിന് താൽപര്യമുള്ള മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ സൈക്യാട്രിസ്റ്റമാർ അപേക്ഷകൾ നിശ്ചിത പ്രൊഫോർമയിൽ അതാത് പ്രിൻസിപ്പൽമാർ മുഖാന്തിരം **11/04/2025 4 മണിക്ക്** മുൻപായി ഈ കാര്യാലയത്തിൽ ലഭ്യമാകേണ്ടതാണ്.

Signed by
Thomas Mathew
Date: 07-04-2025 19:59:51

വിശ്വസ്തതയോടെ,

THOMAS MATHEW
DIRECTOR

സ്വീകർത്താവ്:

1).എല്ലാ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽമാർക്കും.
2).മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ്.

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ.പി.ഒ, തിരുവനന്തപുരം, പിൻ -695035

ഫോൺ: 04712302490 ഫാക്സ്:04712303025/20303080

**ഇ-മെയിൽ** :dhskerala.hlth@kerala.gov.in

**വെബ്സൈറ്റ്:** www.dhs.kerala.gov.in

നം.ഇബി 2-8406/2025/ആവഡ തീയതി: 31-03-2025

**<u>സർക്കുലർ</u>**

വിഷയം: ആവഡ ജീവനക്കാര്യം-ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോ സയൻസസ്(ഇംഹാൻസ്), ഡയറക്ടർ തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്നതിന് താൽപര്യമുള്ള സൈക്യാട്രിസ്റ്റുമാരിൽ നിന്നും അപേക്ഷ ലഭ്യമാക്കുന്നത് സംബന്ധിച്ച്

സൂചന: സ.ഉ(സാധാ)നം.725/2025/H&FWD, തിയതി. 12/03/2025

ഇംഹാൻസിൽ (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോ സയൻസസ്) ഒരു മുഴുവൻ സമയ ഡയറക്ടറെ ഡപ്യൂട്ടേഷൻ വ്യവസ്ഥയിൽ തെരഞ്ഞെടുക്കുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടർ എന്നിവരുടെ കീഴിൽ ജോലി ചെയ്യുന്ന

സൈക്യാട്രിസ്റ്റ്മാരിൽ നിന്നും അപേക്ഷ ക്ഷണിച്ച് ലഭ്യമായ അപേക്ഷകൾ സ്ക്രീനിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടർ എന്നിവർ സ്വീകരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ച് സൂചന പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.

2. ആയതിനാൽ ഇംഫാൻസ് ഡയറക്ടറായി ഡപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്നതിന് താൽപര്യമുള്ള ആരോഗ്യ വകുപ്പിലെ സൈക്യാട്രിസ്റ്റ് തസ്തികയിലെ മെഡിക്കൽ ഓഫീസർമാർ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന മാതൃകയിലുള്ള അപേക്ഷകൾ സമർപ്പിക്കേണ്ടതും അപ്രകാരം ലഭ്യമാകുന്ന അപേക്ഷകൾ ജില്ലാ മെഡിക്കൽ ഓഫീസർമാർ **10/04/2025 3 PM** ന് മുൻപായി ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതുമാണ്.

Signed by
Reena K J
Date: 31-03-2025 08:50:24

**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്

1) എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും

2) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ്